بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**13-06-2025**

# മക്കാവിജയം: നബിതിരുമേനി(സ)യുടെ ജീവിതത്തിലെ ചില ഏടുകൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

**തശഹ്ഹുദും തഅവ്വുദും സൂറഫാത്തിഹയും തിലാവത്ത് ചെയ്തതിനു ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു:**
ഏതാനും വെള്ളിയാഴ്ചകൾക്ക് മുൻപ്, മക്കാവിജയവുമായി ബന്ധപ്പെട്ട് ആമുഖമായി ചില സംഗതികൾ ഞാൻ പറഞ്ഞിരുന്നു. ഇന്ന് അതിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുകയാണ്. ഈയൊരു നീക്കം ഉടനടി നടത്താനുള്ള കാരണം ഖുറൈശികൾ ഹുദൈബിയ്യാ സന്ധി ലംഘിച്ചതാണെന്ന് വിവരിച്ചിരിക്കുന്നു. 'ഞങ്ങൾ ഉടമ്പടി അവസാനിപ്പിക്കുകയാണ്. ഞങ്ങൾ മുഹമ്മദി(സ)നോട് യുദ്ധം ചെയ്യും' എന്ന് അവർ നബിതിരുമേനി(സ)യുടെ ദൂതനോട് അഹങ്കാരത്തോടെ പറയുകയും ചെയ്തു. നബിതിരുമേനി(സ)ക്ക് ഈ വിവരം ലഭിച്ചപ്പോൾ അവിടുന്ന് മക്കയെ ലക്ഷ്യമാക്കി നീങ്ങി.

അവരുടെ ഉടമ്പടി ലംഘനത്തിന്റെ വിശദാംശം ഇപ്രകാരമാണ്: അറബ്ഗോത്രങ്ങളിൽ ആർക്കുവേണമെങ്കിലും നബിതിരുമേനി(സ) യുമായോ ഖുറൈശികളുമായോ ഉടമ്പടി ചെയ്യാം എന്നത് ഹുദൈബിയ്യയിൽ വച്ചു ചെയ്ത ഉടമ്പടിയിലെ ഒരു നിബന്ധനയായിരുന്നു. അങ്ങനെ ഹറമിനു ചുറ്റും താമസിച്ചിരുന്ന ബനുബക്കർ, ബനൂ ഖസാഅ എന്നീ ഗോത്രങ്ങളിൽ ബനൂ ഖസാഅ നബിതിരുമേനി(സ)യുമായും അവരുടെ ശത്രുഗോത്രമായ ബനൂബക്കർ ഖുറൈശികളുമായും ഉടമ്പടിയിൽ ഏർപ്പെട്ടതോടെ ഇരുഗോത്രങ്ങളും തമ്മിലുള്ള പരസ്പര സംഘർഷങ്ങൾ ഇല്ലാതായി. ജാഹിലിയ്യാ കാലത്ത് ബനൂ ഖസാഅയും ബനൂബക്കറും തമ്മിൽ യുദ്ധസാഹചര്യം നിലനിന്നിരുന്നു. ബനൂബക്കർ ഗോത്രക്കാർ ബനൂഖസാഅയുടെ ഒരു വ്യക്തിയെ വധിക്കുകയും ബനൂഖസാഅക്കാർ ബനൂബക്കറിന്റെ മൂന്നാളുകളെ ഹറമിന്റെ ഉള്ളിൽ വച്ച് വകവരുത്തുകയും ചെയ്തിരുന്നു. ബനൂബക്കറിനും ബനൂഖസാഅക്കും ഇടയിൽ നിലനിന്നിരുന്ന ഈ യുദ്ധസാഹചര്യത്തിലാണ് നബിതിരുമേനി(സ)യുടെ നിയോഗമുണ്ടാകുന്നതും ജനങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നതും. പരസ്പരം പോരിനിറങ്ങാതെ, അവരുടെ പക്കൽ വന്നിരിക്കുന്ന പുതിയ സംഗതിയെക്കുറിച്ച് അവർ സംസാരിച്ചു തുടങ്ങിയിരുന്നുവെങ്കിലും മനസ്സിൽ പകയും വിദ്വേഷവും അവർ ഒളിപ്പിച്ചു വച്ചു.

ഹിജ്റ എട്ടാം വർഷത്തിലെ ശഅ്ബാൻ മാസം വന്നെത്തിയപ്പോൾ ഹുദൈബിയ്യാ സന്ധിയിലേർപ്പെട്ട് ഇരുപത്തിരണ്ട് മാസം പിന്നിട്ടിരുന്നു. ആ സമയം ബനൂബക്കറിലെ ഒരു വ്യക്തി നബിതിരുമേനി(സ)യെ അവഹേളിച്ചുകൊണ്ട് കവിത ചൊല്ലി. അയാൾ കവിത ചൊല്ലുന്നത് ബനൂഖസാഅയിലെ ഒരു യുവാവ് കേട്ടപ്പോൾ അദ്ദേഹം അയാളെ മർദിച്ച് തലയ്ക്ക് പരുക്കേൽപ്പിക്കുകയും അങ്ങനെ ഇരുഗോത്രങ്ങളും തമ്മിൽ സംഘർഷം ഉടലെടുക്കുകയും ചെയ്തു. ഗോത്രശത്രുത മുൻപേ നിലനിന്നു വന്നിരുന്നല്ലോ. അവഹേളന കവിത എഴുതിയ വ്യക്തി ബനൂബക്കർ ഗോത്രത്തിലെ ബനൂനഫാസ കുടുംബാംഗമായിരുന്നു. ബനീഖസാഅയിലെ ഒരു യുവാവ് ആ കവിയെ മർദിച്ച് പരിക്കേൽപ്പിച്ചതോടെ ബനൂബക്കറിലെ ബനൂനഫാസക്കാർ ബനൂഖസാഅക്കെതിരെ ആളും ആയുധവും നല്കി സഹായിക്കണമെന്ന് ഖുറൈശികളോട് അഭ്യർഥിച്ചു.

അബൂസുഫിയാൻ ഒഴിച്ച് ഖുറൈശികൾ എല്ലാവരും സഹായിക്കാമെന്നേറ്റു. അബൂസുഫിയാൻ അത്തരമൊരു നിർദേശം നല്കിയിരുന്നില്ല; അതിനെക്കുറിച്ച് അറിവുമില്ലായിരുന്നു. അദ്ദേഹവുമായി ആലോചിച്ചെങ്കിലും യുദ്ധം ചെയ്യുന്നത് നിരസിച്ചു കളഞ്ഞെന്നും പറയപ്പെടുന്നുണ്ട്. എന്നാൽ ഇതൊന്നും വകവയ്ക്കാതെ ഖുറൈശികൾ ആയുധങ്ങളും ആളുകളും കുതിരകളും നല്കി അവരെ സഹായിച്ചു. ബനൂഖസാഅ പ്രതിരോധം തീർക്കാതിരിക്കാൻ രഹസ്യമായാണ് അവർ ആക്രമണം നടത്തിയത്. ഉടമ്പടിയുള്ളതിനാൽ തങ്ങൾ സുരക്ഷിതരാണെന്നു കരുതിയ ബനൂഖസാഅ ഗോത്രക്കാർ ഇതിനെക്കുറിച്ച് അശ്രദ്ധരായിരുന്നു. ഖുറൈശികളും ബനൂബക്കർ ഗോത്രക്കാരും ബനൂനഫാസക്കാരും വത്തീർ എന്ന സ്ഥലത്ത് കാണാമെന്നേറ്റു. മക്കയിലെ താഴ്ന്ന പ്രദേശമാണിത്. ബനൂഖസാഅക്കാർ താമസിച്ചിരുന്നത് ഇവിടെയായിരുന്നു. എതിരാളികൾ കൃത്യസമയത്തുതന്നെ അവിടെ കൂടിക്കാഴ്ച നടത്തി. ഖുറൈശിപ്രമാണിമാർ വേഷം മാറി മുഖം മറച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചരിത്രപരമായി ഇത് വിവരിച്ചിട്ടുണ്ട്. ഇപ്രകാരം എഴുതിയിരിക്കുന്നു: ആക്രമണം നടത്തുന്നതിൽനിന്ന് മുസ്‌ലീങ്ങളെ എങ്ങനെയെങ്കിലും പിന്തിരിപ്പിക്കുന്നതിനായി മക്കക്കാർ അബൂസുഫിയാനെ മദീനയിലേക്കയച്ചു. ഹുദൈബിയ്യായിൽ സന്ധി ചെയ്യുന്ന സമയത്ത് താൻ ഉണ്ടായിരുന്നില്ലെന്നും അതുകൊണ്ട് ഉടമ്പടി നവീകരിക്കണമെന്നും അദ്ദേഹം നബിതിരുമേനിയോട് ഊന്നിപ്പറഞ്ഞു. നബിതിരുമേനി(സ) അദ്ദേഹത്തിന്റെ വാക്കുകൾക്ക് മറുപടിയൊന്നും പറഞ്ഞില്ല. എന്തെന്നാൽ, മറുപടി പറഞ്ഞാൽ രഹസ്യം വെളിവാകുമായിരുന്നു. നിരാശനായ അബൂസുഫിയാൻ പള്ളിയിൽ നിന്നുകൊണ്ട് പരിഭ്രമത്തോടെ പറഞ്ഞു:
*'ജനങ്ങളേ! മക്കക്കാരുടെ ഭാഗത്തുനിന്ന് ഞാൻ നിങ്ങൾക്കായി സമാധാനത്തിന്റെ പുതുവിളംബരം പ്രഖ്യാപിക്കുകയാണ്.'*

അദ്ദേഹത്തിന്റെ വിഡ്ഢിത്തം കേട്ട് മുസ്‌ലീങ്ങൾ ചിരിച്ചുപോയി. നബിതിരുമേനി(സ) പറഞ്ഞു:
*'അബൂസുഫിയാൻ! ഇതു നീ ഏകപക്ഷീയമായിട്ടാണ് പറയുന്നത്. നിന്നോട് ഞങ്ങൾ ഉടമ്പടിയൊന്നും ചെയ്തിട്ടില്ല.'*

ഏതായാലും ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദും (റ) വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: ഹദ്റത്ത് മൈമൂന പറയുന്നു, *''എനിക്കനുവദിച്ച ഒരു രാത്രിയിൽ നബിതിരുമേനി(സ) എന്റെയടുക്കൽ ഉറങ്ങുകയായിരുന്നു. തഹജ്ജുദിനായി അവിടുന്ന് എഴുന്നേറ്റപ്പോൾ വുളു എടുത്തുകൊണ്ട് എന്തോ പറയുന്നത് ഞാൻ കേട്ടു. ലബ്ബൈക്, ലബ്ബൈക്, ലബ്ബൈക് എന്ന് അവിടുന്ന് പറയുന്നുണ്ടായിരുന്നു. തുടർന്ന് അവിടുന്ന് നുസ്റത്ത്, നുസ്റത്ത്, നുസ്റത്ത് (സഹായം, സഹായം, സഹായം) എന്നു പറഞ്ഞു.''*

അവർ പറയുന്നു: *''അവിടുന്ന് പുറത്തു വന്നപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് സംസാരിക്കുന്നത് കേട്ടല്ലോ. ആരെങ്കിലും വന്നിരുന്നോ?' അവിടുന്ന് പറഞ്ഞു: 'അതേ, ഖസാഅയുടെ ഒരു സംഘം വന്ന് നിൽക്കുന്നത് ഞാൻ ജാഗ്രദർശനത്തിൽ(കശ്ഫിയായ നിലയിൽ) കണ്ടു. അവർ ബഹളം വച്ചുകൊണ്ട് ഇങ്ങനെ പറയുണ്ടായിന്നു: ഞങ്ങൾ മുഹമ്മദി(സ)നോട് അദ്ദേഹത്തിന്റെ ദൈവത്തെ സത്യംചെയ്തു പറയുകയാണ്. നിന്നോടും നിന്റെ പൂർവപിതാക്കളോടും ഞങ്ങൾ ഉടമ്പടി ചെയ്തിരുന്നു. നിന്നെ ഞങ്ങൾ സഹായിച്ചു വരികയും ചെയ്യുന്നു. എന്നാൽ, ഖുറൈശികൾ ഞങ്ങളോടുള്ള ഉടമ്പടി ലംഘിച്ചുകൊണ്ട് രാത്രി ഞങ്ങൾ സുജൂദിലും റുകൂഇലും മുഴുകിയിരിക്കെ ഞങ്ങളെ ആക്രമിച്ചു കൊലപ്പെടുത്തി. നിന്റെ സഹായം തേടിക്കൊണ്ടാണ് ഞങ്ങൾ ഇപ്പോൾ വന്നിരിക്കുന്നത്. ഖസാഅ ഗോത്രത്തിലെ ഒരു വ്യക്തി നിൽക്കുന്നത് ഞാൻ കണ്ടു. ജാഗ്രദർശനത്തിൽ ആ വ്യക്തിയെ കണ്ടപ്പോൾ ഞാൻ ലബ്ബൈക് ലബ്ബൈക് ലബ്ബൈക് എന്നു പറഞ്ഞു.'*' അതായത് നിങ്ങളെ സഹായിക്കാൻ ഞാൻ ഒരുക്കമാണെന്ന് മൂന്നു തവണ പറഞ്ഞു. *'അതു കഴിഞ്ഞ് പറഞ്ഞു, നുസ്റത്ത്, നുസ്റത്ത്, നുസ്റത്ത് (സഹായം സഹായം സഹായം). അതായത് നിങ്ങളെ സഹായിക്കുന്നതാണ്.'* ഇതും മൂന്നു പ്രാവശ്യം പറഞ്ഞു.''

ഹദ്റത്ത് ആയിശ(റ) പറയുന്നു:
*''അന്നേ ദിവസം രാവിലെ നബിതിരുമേനി(സ) എന്റെ വീട്ടിൽ വന്നു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ഖസാഅ ഗോത്രത്തിന് ഭയങ്കരമായ അപകടം നേരിട്ടിരിക്കുന്നു.' ''*

ഹദ്റത്ത് ആയിശ(റ) പറയുന്നു:
*''ഖസാഅ ഗോത്രം നേരിട്ട ഭയങ്കരമായ അപകടം എന്താണെന്ന് എനിക്ക് മനസ്സിലായി. മക്കയുടെ അതിർത്തിയിലാണ് അവരുള്ളത്. ബനൂബക്കറുമായി ഉടമ്പടിയിലുള്ള മക്കക്കാർ ഖസാഅ ഗോത്രത്തെ ആക്രമിച്ചിരിക്കുന്നു. ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഇത്രയും ഉടമ്പടികളുണ്ടായിരിക്കെ അവ ലംഘിച്ചുകൊണ്ട് അവർ ഖസാഅ ഗോത്രത്തെ ആക്രമിക്കാനിടയുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അതേ, അവർ ഉടമ്പടി ലംഘിക്കുന്നതിൽ ദൈവികയുക്തി അടങ്ങിയിരിക്കുന്നു.' ''*

അതിപ്രകാരമാണ്: ആക്രമണം നടത്താൻ നബിതിരുമേനിക്ക് അനുവാദമില്ലായിരുന്നു. ഉടമ്പടി ലംഘിച്ചതോടെ അനുവാദം ലഭിച്ചു.

ഹദ്റത്ത് ആയിശ(റ) പറയുന്നു:
*''ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇതിന്റെ പരിണിതഫലം എന്തായിരിക്കും?' അവിടുന്ന് പറഞ്ഞു: 'പരിണിത ഫലം നല്ലതായിരിക്കും.' ''*

ഇതിന്റെ വിശദാംശങ്ങൾ തുടരും. ഇൻശാഅല്ലാഹ്.

**ഇപ്പോൾ നടക്കുന്ന ഇറാൻ-ഇസ്രായീൽ സംഘർഷത്തെ മുൻനിർത്തി ദുആ ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു:**
**ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും ഞാൻ**

പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ മിക്കവാറും പറയാറുമുണ്ട്. ദുആ ചെയ്തുകൊണ്ടിരിക്കുക. യുദ്ധം വ്യാപിക്കാനുള്ള സാധ്യതകൾ ഏറിവരുകയാണ്. ഇതിന്റെ ദോഷഫലങ്ങളിൽനിന്ന് നാം സുരക്ഷിതരായിരിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. ഇസ്രായീൽ ഇപ്പോൾ ഇറാനെ ആക്രമിച്ചിരിക്കുന്നതിനാൽ ഭയാനകമായ ഒരു യുദ്ധസാഹചര്യമാണ് അതു സൃഷ്ടിച്ചിരിക്കുന്നത്. മുസ്‌ലീം രാഷ്ട്രങ്ങൾക്കെല്ലാം ഒന്നൊന്നായി ഹാനി വരുത്താനാണ് ഇവർ അതായത് ഇസ്രായീൽ ഭരണകൂടം ആഗ്രഹിക്കുന്നത്. മുസ്‌ലീം രാഷ്ട്രങ്ങളാകട്ടെ, നിദ്രയിലാണ്. സ്വന്തം അഭിവൃദ്ധിയിലും സ്വാർഥതാത്പര്യങ്ങളിലും മുഴുകി കഴിയുകയാണ് അവർ. എന്താണ് സംഭവിക്കുകയെന്ന് അവർ മനസ്സിലാക്കുന്നില്ല. മുസ്‌ലീംങ്ങൾ പ്രവർത്തിക്കുന്നുമില്ല പ്രാർഥനയിലേക്ക് അവർക്ക് ശ്രദ്ധയുമില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉളവാകുന്ന നഷ്ടം സങ്കൽപിക്കാൻ പോലുമാവില്ല. അല്ലാഹു അവർക്ക് ബുദ്ധി നല്കട്ടെ. അവർ ഇതിലേക്ക് ശ്രദ്ധിക്കുകയും ഐക്യം നിലനിർത്താൻ ശ്രമിക്കുകയും ചെയ്യട്ടെ. അവർ ഇന്ന ഇന്ന കക്ഷികളായതുകൊണ്ടാണ് ഞങ്ങൾ സഹായിക്കാത്തത് എന്നു പറയരുത്. രാജ്യം മുഴവൻ അപകടത്തിലാണ്. എന്തെന്നാൽ അവിശ്വാസികളുടെ രാഷ്ട്രങ്ങളെല്ലാം ഒരു സമൂഹം ആയിത്തീർന്നിരിക്കുന്നു. അവിശ്വാസികൾ ഒറ്റക്കെട്ടായി മാറിയിരിക്കുന്നു. ഇനി മുസ്‌ലീങ്ങളും ഒരു സമുദായമായി ഒരുമിച്ച് നിൽക്കുകയാണ് വേണ്ടത്. എങ്കിലേ രക്ഷയുള്ളൂ. ഇതല്ലാതെ മറ്റൊരു പോംവഴിയില്ല. നിരപരാധികളും പീഡിതരുമായ ഓരോരുത്തരെയും അല്ലാഹു വലിയ നഷ്ടങ്ങളിൽനിന്ന് രക്ഷിക്കട്ടെ. നാം ദുആകളിലേക്ക് വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ നല്കുമാറാകട്ടെ.

**വിവ: ആരിഫ് മുഹമ്മദ് ബി.എം**

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۗءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۗءِ وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔